വള്ളൂർ ഗവൺമെന്റ് എൽ. പി. സ്കൂളിന്റെ തറക്കല്ലിടൽ ചടങ്ങിൽ മൈക്ക് പെർമിഷൻ നിഷേധിച്ച സംഭവം

44 (2157) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 17-6-2003-ന് പട്ടാമ്പി പഞ്ചായത്ത് അതിർത്തിയിലുള്ള വള്ളൂർ ഗവൺമെന്റ് എൽ.പി.സ്കൂളിന്റെ തറക്കല്ലിടൽ ചടങ്ങിൽ മൈക്ക് പെർമിഷൻ ആദ്യം അനുവദിക്കുകയും പിന്നീട് നിഷേധിക്കുകയും ചെയ്തതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) സ്കൂൾ തറക്കല്ലിടൽ ചടങ്ങിൽ മൈക്ക് പെർമിഷൻ നിഷേധിക്കാനുണ്ടായ കാരണം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) പട്ടാമ്പി പോലീസ് സ്റ്റേഷൻ പരിധിയിൽ ക്രമസമാധാന പ്രശ്നമോ, പോലീസ് ആക്ട് പ്രകാരമുള്ള നിരോധനങ്ങളോ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ആരുടെയെങ്കിലും പരാതിയുടെ അടിസ്ഥാനത്തിലായിരുന്നുവോ മൈക്ക് പെർമിഷൻ നിഷേധിച്ചത് ; എങ്കിൽ ആരുടെ പരാതി കാരണമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ക്രമസമാധാന സംയമനത്തിനുവേണ്ടിയാണ് മൈക്ക് പെർമിഷൻ നിഷേധിക്കുവാനുണ്ടായ കാരണം.

(സി) ഇല്ല.

(ഡി) പട്ടാമ്പി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ.

കൊപ്പം ആസ്ഥാനമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി

45 (2159) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിച്ച് കൊപ്പം ആസ്ഥാനമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കൊപ്പത്ത് ഒരു പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly